# സ്വജാതീയ വിവാഹം

# ഒരു പഠനം

ഏകദേശം 3500 വർഷങ്ങൾക്ക് മുൻപ് മധ്യേഷ്യയിൽ നിന്ന് നാടോടി സംഘങ്ങൾ ഇന്ത്യയിലേക്ക് ഉപജീവനം തേടിവന്നു. അക്കാലത്ത് ഇവിടെ ജീവിച്ചിരുന്ന ആദിസമുദായങ്ങൾക്ക് മീതെ അവർ കാലക്രമേണ രാഷ്ട്രീയവും സാമൂഹികവുമായ ആധിപത്യം സ്ഥാപിക്കുകയും ചെയ്തു. ദേശീയരായ ആദിസമുദായങ്ങളെ ഭരിക്കുന്നതിന് വേണ്ടി പുത്തൻ സാമൂഹ്യനിയമങ്ങൾ അവർ ക്രമം നൽകി. ബ്രാഹ്മണർ, ക്ഷത്രിയർ, വൈശ്യർ, എന്നീ മൂന്ന് ജാതികളെ രണ്ട് ജന്മം കൊണ്ടവർ എന്ന അർത്ഥത്തിൽ ദ്വിജന്മാർ എന്ന് വിളിച്ചു. ശൂദ്രർ ദ്രാവിഡന്മാരും, ഇന്തോ–ആര്യൻമാരുമാണെന്ന് ചരിത്രകാരന്മാർക്കിടയിൽ അഭിപ്രായ വ്യത്യാസമുണ്ട്. ജാതീയതയ്ക്ക് പുനർജന്മസിദ്ധാന്തത്തിലൂടെ വിശ്വാസത്തിന്റെ പരിവേഷം അരക്കിട്ടുറപ്പിച്ചു. കാലം വ്യവസ്ഥയെ കൂടുതൽ ദൃഢമാക്കി. ഇന്ന് ജാതീയത ഇന്ത്യൻ സമൂഹത്തിന്റെ മനസ്സുകളിൽ പോലും വേരോടിയിട്ടുള്ള ഒരു സാമൂഹ്യവസ്ഥയാണ്.

മനുഷ്യരെ തട്ടുതട്ടാക്കി തിരിച്ചിരിക്കുന്ന സമ്പ്രദായമാണ് ജാതി. ഡോ: അംബേദ്കറുടെ അഭിപ്രായത്തിൽ നാലുവശവും കെട്ടിയടക്കപ്പെട്ട ഒരു വർഗ്ഗമാണ് ജാതി. ഈ കെട്ടിയടക്കൽ എന്ന് ആരംഭിച്ചോ അന്ന് ജാതിയും ആരംഭിച്ചു. ഒരാളുടെ പദവി(status) തീരുമാനിക്കുന്നത് ജാതിയാണ്. ജനനത്തിന്റെ അടിസ്ഥാനത്തിൽ താണ പദവിയിലുള്ള ആൾ സാമ്പത്തികമായി എത്ര ഉയർന്നാലും സാമൂഹ്യമായ പദവിയിൽ അയാൾ ഉന്നതനാവുന്നില്ല. ജാതി എന്നത് ഒരു മുള്ളുകമ്പി വേലി പോലെയോ ഇഷ്ടികഭിത്തി പോലേയോ ഒരു ഭൗതികവസ്തുവല്ല. അതൊരു മാനസികാവസ്ഥയാണ്. ഒരു ഉന്നത ജാതിക്കാരന് ഒരു താഴ്ന്ന ജാതിക്കാരനെ കാണുമ്പോൾ അവൻ തന്നേക്കാൾ താഴ്ന്നവനാണെന്നും താഴ്ന്ന ജാതിക്കാരന് ഉയർന്നവനെ കാണുമ്പോൾ അയാൾ തന്നേക്കാൾ ഉയർന്നവനാണ് എന്നും തോന്നുന്ന മാനസികധാരണ കൂടിയാണ് ജാതി. ഒരാളുടെ മരണത്തിലും ജനനത്തിലും ജാതി നിഴലിച്ചു നിൽക്കുന്നതു

***ജാതീയതയുടെ അടിസ്ഥാനം സ്വന്തം ജാതിയിൽ നിന്നുള്ള വിവാഹ സമ്പ്രദായമാണ്. ജാതി വ്യവസ്ഥ നിലനിർത്താനും ജാതിയിൽ നിന്ന് പുറത്ത് പോകാതിരിക്കാനും ഉള്ള ഒരു മാർഗ്ഗം കൂടിയാണ് സ്വജാതീയ വിവാഹം. ഇന്ന് എത്രത്തോളം സ്വജാതീയ വിവാഹം അനുകൂലിക്കപ്പെടുന്നു?***

**ഫാറുഖ് കോളേജ്**

**സാമൂഹ്യ ശാസ്ത്ര വകുപ്പ്**

നടത്തിയ

ഒരു പഠനം.

## സ്വജാതീയ വിവാഹം - ഒരു പഠനം



കാണാം. ജാതി നില നില്ക്കുന്നിടത്തോളം കാലം സ്വ കുലം മാറിയുള്ള വിവാഹം നിഷേധിക്കപ്പെടുന്നു.

A.D. 300 മുതൽ 900 വരെയുള്ള കാലത്താണ് കാടു തെളിയിച്ചുള്ള കൃഷിയിടങ്ങളും ജനപഥങ്ങളും ഇടതൂർന്ന രീതിയിൽ കേരളത്തിൽ നിലവിൽ വന്നത്. രാജാക്കന്മാർ ബ്രഹ്മണർക്ക് കാട് ദാനം ചെയ്ത് അവരെ കുടിയേറ്റിയതിന്റെ തുടർച്ചയായിരുന്നു ഇത്. ഇത്തരം ഗ്രാമങ്ങളിൽ നിലവിലുണ്ടായിരുന്ന ജാത്യാചാരങ്ങൾ ഭൂമി കൈവശക്കാരായിരുന്ന ബ്രാഹ്മണർ അവരുടെ സ്വാർത്ഥലാഭത്തിന് ഉപയോഗിച്ചു വന്നു. ഭൂമിയുടെ ഉടമസ്ഥാവകാശം ബ്രാഹ്മണർക്ക് മാത്രമായിരുന്നു. കേരളീയ ജാതി സമൂഹത്തിന്റെ സൃഷ്ടാക്കളും അധികാരികളുമായിരുന്ന കേരളബ്രാഹ്മണരായ നമ്പൂതിരിമാർ.

സമൂഹത്തിന്റെ സമ്പത്ത് മുഴുവൻ കൈയാളിയിരുന്ന നമ്പൂതിരിമാർ മതാചാരങ്ങളിൽ, അനാചാരങ്ങളിലും, മാനുഷിക പരിഗണനയില്ലാത്ത അസംബന്ധങ്ങളിലും, സമ്പൂർണ്ണ നിഷ്ഠ കാണിച്ചുപോന്നു. കേരളത്തിൽ നിലവിലുണ്ടെന്ന് കരുതപ്പെടുന്നത് 64 ജാതികളാണ്. ഇതിൽ നമ്പൂതിരി വിഭാഗത്തിൽ ഉൾപ്പെടുന്ന 10 ഉപജാതികൾ ഒഴികെ 54 എണ്ണവും നമ്പൂതിരിക്ക് തീണ്ടിക്കുളിവേണ്ട അയിത്ത വിഭാഗമാണ്. കുടിയാന്മാർക്ക് പരദേവനായും അന്നദാതാവും, യജമാനനും ഒക്കെയായിരുന്നു നമ്പൂതിരിമാർ. നമ്പൂതിരിമാർ നായർ തറവാടുകളുമായി ബന്ധപ്പെട്ടു തുടങ്ങിയതോടെ നായർ തറവാടുകൾ അഭിവൃദ്ധിപ്പെട്ടുതുടങ്ങി. അവർ ഭക്ഷണം, ജലപാനം എന്നിവ സ്വജാതിയിൽ പെട്ടവരുടെ വീട്ടിൽ നിന്ന് മാത്രമായിരുന്നു. നായന്മാർക്ക് ആയോധന പാരമ്പര്യവും, പ്രഭുത്വപദവിയും, ഭരണനേതൃത്വവും ഉണ്ടായി.

മേൽ ജാതിക്കാർ അറപ്പോടും, വെറുപ്പോടും, ഭയത്തോടും കൂടിയാണ് പുലയരെ വർജ്ജിച്ചിരുന്നത്. നായന്മാരുടെ മേൽനോട്ടത്തിൽ പുലയരാണ് കൃഷിപ്പണികൾ ചെയ്തിരുന്നത്. ഓരോ പുലയന്റെയും ഉടമസ്ഥന് അവനെ കൊല്ലുവാനുള്ള അവകാശം ഉണ്ടായിരുന്നു. പുലയർ നെല്പ്പാടത്തെ വരമ്പുകളിലാണ് കൂരകെട്ടി പാർത്തിരുന്നത്. ഉടമസ്ഥന് പുലയന്റെ മേൽ എല്ലാ അധികാരവും ഉണ്ടായിരുന്നു. താഴ്ന്ന ജാതികളെ കഴിയുന്നത്ര ചൂഷണം ചെയ്യാൻ 'ജാതിമഹിമ' വളരെയധികം ശ്രദ്ധിച്ചിരുന്നു.


തീണ്ടാപ്പാടകലമുള്ള പതിത ജാതികളിൽ മേന്മയിൽ മികച്ചതാണ് ഈഴവർ. തിരു-കൊച്ചി മേഖലയിൽ ഈഴവർ എന്നും മലബാർ മേഖലയിൽ തിയ്യർ എന്നും ഇവർ അറിയപ്പെടുന്നു. മേൽ ജാതിക്കാർ ഇവരെ ഭയപ്പെടുത്തി അടിമകൾ ആയിട്ടാണ് നിർത്തിയിരുന്നത്. പതിതരും ജാത്യാഭിമാനികളും ആയിരുന്ന ഇവർ നാടുവാഴികളാൽ നിശ്ചയിക്കപ്പെടുന്ന തലവന്മാരുടെ കീഴിലാണ് പരമ്പരയായി കഴിഞ്ഞിരുന്നത്.

ജാതിമഹിമ ഉണ്ടാകാൻ ഉപജാതികളുണ്ടാക്കി പരസ്പരം വെറുത്തും, നിന്ദിച്ചും കേരളീയ ജാതി സമൂഹം ഹീനമായ രീതിയിലേക്ക് മാറി കഴിഞ്ഞിരുന്നു. ഉദാഹരണത്തിന്. കമ്മാള വിഭാഗം ശില്പജാതിയാണ്. മരയാശാരി, കല്ലാശാരി, കൊല്ലൻ, തട്ടാൻ, തോൽകൊല്ലൻ, മൂശാരി എന്നിവ കമ്മാളജാതിയുടെ ഉപജാതികളാണ്. കേരള ജാതി സമൂഹത്തിലെ ഓരോ ജാതിയും നിന്ദമൂലവും മേന്മനേടാൻ ശ്രമിക്കുന്ന ഉപജാതികൾ അടങ്ങുന്ന ചെറിയ ജാതിസമൂഹങ്ങൾ ആയി മാറി. ഉപജാതി സമൂഹത്തിലെ നിന്ദയും പതിതത്വവും ജാതിപരമായ പദവിവ്യത്യാസവും പുലയനും, നമ്പൂതിരിക്കും, നായർക്കും, ഈഴവർക്കും മതാനുഷ്ഠാനമായി മാറി.

## സ്വജാതീയ വിവാഹം - ഒരു പഠനം

നായർ സമുദായത്തിലെ പ്രധാന ഉപജാതി തരംതിരിവുകൾക്ക് ആസ്പദം നമ്പൂതിരി ഇല്ലങ്ങളിലേയും ക്ഷേത്രങ്ങളിലേയും ജോലികളാണ്. വിവിധ നിർമ്മാണ ജോലികളിൽ ഏർപ്പെട്ടിരിക്കുന്ന ശില്പജാതിയിലെ ഉപജാതികളാണ് മരയാശാരി, കല്ലാശാരി, തട്ടാൻ, കൊല്ലൻ, മൂശാരി, തോൽ കൊല്ലൻ എന്നിവർ. ഈഴവർ അടിമകളായിരുന്നു. കള്ളുചെത്തൽ ആണ് ഇവരുടെ കുലത്തൊഴിൽ. കണിയാന്റെ കുലത്തൊഴിൽ ജോത്സ്യം ആയിരുന്നു. കൂടം കൊട്ടി പാടി നടക്കലും കുട കെട്ടും ആണ് പാണന്റെ തൊഴിൽ. വില്ലുകൊട്ടി പാടിനടക്കലായിരുന്നു വിൽ കുറുപ്പിന്റെ തൊഴിൽ. ഇവരും മുക്കുവൻ, വേലൻ, പരവൻ, വാലന, കുറുപ്പ് തോൽ കുറുപ്പ് എന്നിവരും പതിതജാതിയുടെ ഉപജാതികളാണ്. കുട്ടനെയ്ത്ത് പറയരുടെ കുലത്തൊഴിലാണ്. ഇവരും,പുലയന,നായാടി, ഉള്ളാടൻ, എന്നിവരും 'നാട്ടിനീചർ' എന്ന വിഭാഗത്തിലെ ഉപജാതികളാണ്. കണിയാർ, മലയരയൻ. വേടൻ, കറുമ്പർ എന്നിവർ 'മലനീചരാ'ണ്.

ബ്രട്ടീഷ് ഭരണകാലത്തുള്ള പരിഷ്കാരങ്ങൾ മൂലം ജാതിയുടെ അടിസ്ഥാനത്തിൽ നിലനിന്നിരുന്ന പാരമ്പര്യതൊഴിലുകൾ നിലനിർത്തിയിരുന്ന പതിവ് ഒഴിവാക്കി. ശരിയായ രീതിയിൽ വസ്ത്രധാരണം നടത്തുന്നതിനും ഉയർന്ന ജാതിക്കാർ നടക്കുന്ന വഴികളിൽ താഴ്ന്നജാതിക്കാർ നടക്കുന്നതിനുള്ള വിലക്ക് ക്രമേണ ഇല്ലാതാക്കി. 19-ാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽ ജാതിപരമായി പരിഷ്ക്കാരങ്ങൾക്കു വേണ്ടിയുള്ള അനേകം സമരങ്ങൾക്ക് കേരളം സാക്ഷ്യം വഹിച്ചു. തൊട്ടുകൂടായ്മ, തീണ്ടിക്കൂടായ്മ എന്നിവയ്ക്കെതിരെയുള്ള വൈക്കം സത്യാഗ്രഹം, ഗുരുവായൂർ സത്യാഗ്രഹം എന്നിവ ഉദാഹരണങ്ങളാണ്. ചട്ടമ്പിസ്വാമികൾ, കെ. അയ്യപ്പൻ, അയ്യങ്കാളി, വക്കം അബ്ദുൾഖാദർ മൗലവി, എന്നീ സാമൂഹ്യപരിഷ്കർത്താക്കളും, യോഗക്ഷേമസഭ, സഹോദരസംഘം, ആത്മവിദ്യാസംഘം എന്നീ സംഘടനകളും ജാതീയമായ ദുഷ്ചെയ്തികളുടെ മോചനത്തിനുവേണ്ടി പ്രവർത്തിച്ചിട്ടുണ്ട്. ശ്രീ. നാരായണഗുരുവിന്റെ പ്രവർത്തനം ഈഴവരെ ഒരു സംഘടിത ശക്തിയാക്കി മാറ്റി – 1936 നവംബർ 1 ന് ശ്രീ ചിത്തിരതിരുനാൾ മഹാരാജാവ് നടത്തിയ 'ക്ഷേത്രപ്രവേശന വിളംബരം' താഴ്ന്ന ജാതിക്കാർക്ക് ക്ഷേത്രങ്ങളിൽ പ്രവേശിക്കാനുള്ള അനുവാദം നല്കി.




സ്വാതന്ത്ര്യലബ്ധിയോട് കൂടി ഭരണഘടനാധിഷ്ഠിതമായിതന്നെ താഴ്ന്ന ജാതിക്കാർക്ക് അവരെ ഉയർന്ന നിലയിലേക്ക് എത്തിക്കുന്നതിന് സഹായകമാകും വിധം സംരക്ഷണവും ഉദ്യോഗങ്ങളിൽ സംവരണവും അനുവദിക്കപ്പെട്ടു.

കേരളത്തിലെ ജാതി വ്യവസ്ഥയിൽ ഘടനാപരമായി ശ്രദ്ധേയമായ മാറ്റങ്ങളുണ്ടാക്കിയെന്ന് വ്യക്തമാണ്. എന്നാൽ ജാതീയതയുടെ അടിസ്ഥാനപ്രമാണങ്ങളിലൊന്നായ 'സ്വജാതീയ വിവാഹം' ഇന്നും ശക്തമായ വിധം പ്രചാരത്തിലുണ്ട് എന്ന് കാണാവുന്നതാണ്. ജാതീയതയുടെ ബാഹ്യജവിതത്തിലെ പ്രതീകങ്ങളും, അനുഷ്ഠാനാചാരങ്ങളും ഏറെക്കുറെ മാറിയെങ്കിലും സ്വജാതീയ വിവാഹം ഇക്കാലത്ത് സുദൃഢമായി നിലനില്ക്കുന്നു എന്ന് ഈ സർവ്വെ വ്യക്തമാക്കുന്നു.

## സ്വജാതീയ വിവാഹം - ഒരു പഠനം

| ദിനപത്രം | സ്വജാതീയ വിവാഹം ആഗ്രഹിക്കുന്നവർ | വിജാതീയ വിവാഹത്തിന് എതിരല്ലാത്തവർ | ജാതി പരസ്യ-പ്പെടുത്താത്തവർ |
|---|---|---|---|
| ദ ഹിന്ദു | 135 | 13 | 2 |
| മലയാള മനോരമ | 94 | 6 | – |
| മാതൃഭൂമി. | 97 | 3 | – |
| ആകെ | 326(93.17%) | 22(6.27%) | 2(0.56%) |

ജാതീയതയുടെ അടിസ്ഥാനം സ്വന്തം ജാതിയിൽ നിന്നുള്ള വിവാഹസമ്പ്രദായമാണ്. (Caste endogram) ജാതി വ്യവസ്ഥ നിലനിർത്താനും ജാതിയിൽ നിന്ന് പുറത്തു പോവാതിരിക്കാനും ഉള്ള ഒരു മാർഗ്ഗം കൂടിയാണ് സ്വജാതീയ വിവാഹം. സ്വജാതിക്കുള്ളിൽ നിന്നുള്ള വിവാഹം നിലനിൽക്കാൻ പലകാരണങ്ങളും ഉണ്ട്. ജാതിനിയമങ്ങളെ ലംഘിക്കുന്ന ആൾ ജാതിയിൽ നിന്ന് പുറത്താക്കപ്പെടുന്നു. ഈ ബഹിഷ്കരണവും തന്മൂലമുണ്ടാകുന്ന സാമൂഹ്യബന്ധവിഛേദനവും ഭയന്ന് ഒരാൾ സ്വജാതിയിൽ തന്നെ ഒതുങ്ങി കൂടുന്നു. ജാതിക്ക് വിശ്വാസപരമായ ഒരടിത്തറ കൂടിയുണ്ട്. അതുകൊണ്ട് ജാതിയെ ചൂഴ്ന്നു നില്ക്കുന്ന വിശുദ്ധിയേയും ദൈവികതയേയും നശിപ്പിക്കാത്തിടത്തോളം കാലം ജാതിയുടെ മഹത്വം നിലനിൽക്കും.

ജാതി അംഗത്വം ആ ജാതിയിൽ ജനിച്ച ഒരാൾക്കു മാത്രമേ കിട്ടുകയുള്ളു. ഓരോരുത്തർക്കും തങ്ങളുടെ ജാതിയോടായിരിക്കും കൂറ്. ഇത് ജാതിയുടെ ഒരു സ്വഭാവമാണ്. ഓരോ ജാതിക്കും ഓരോ സംസ്കാരവും വ്യത്യസ്തമായ ആചാരാനുഷ്ഠാനങ്ങളുമാണ്. ആയതിനാൽ തന്റെ ആചാരത്തിൽ നിന്നും സംസ്കാരത്തിൽ നിന്നും വിഭിന്നമായ ഒന്നിനെ സ്വീകരിക്കാതെ സ്വജാതിയിൽ നിന്നു തന്നെ വിവാഹം ചെയ്യുന്നു. അഥവാ ഇതിനെതിരായി ചെയ്താൽ തന്റെ കുട്ടിയെ ഏതു സംസ്കാരം പഠിപ്പിക്കുമെന്നുള്ള ആശയക്കുഴപ്പത്തിലെത്തുമെന്നതിനാൽ ഇതിനാരും തുനിയുന്നില്ല.

സ്വജാതീയ വിവാഹത്തോടുള്ള ഹൈന്ദവർക്കിടയിലെ അഭിമതം (attitude) അറിയുന്നതിനായി വിവാഹപ്പരസ്യങ്ങളെ അടിസ്ഥാനമാക്കി നടത്തിയ ഒരു സർവ്വെയുടെ റിപ്പോർട്ടാണിത്. 1995 ജൂൺ ജൂലായ് മാസങ്ങളിൽ മാതൃഭൂമി, മലയാള മനോരമ എന്നീ മലയാളദിനപത്രങ്ങളിലും ദ ഹിന്ദു എന്ന ഇംഗ്ളീഷ് പത്രത്തിലും വന്ന പരസ്യങ്ങളിൽ നിന്ന് മുന്നൂറ്റിഅമ്പതെണ്ണം(മാതൃഭൂമി 100 മലയാള മനോരമ 100 ദ ഹിന്ദു 150) വേർതിരിവൊന്നും കൂടാതെ തിരഞ്ഞെടുക്കുകയായിരുന്നു.

350 പേരിൽ 93.17% ആളുകളും സ്വജാതീയ വിവാഹം ആഗ്രഹിക്കുന്നതായി പരസ്യങ്ങളിൽ പറഞ്ഞിരുന്നു. എന്നാൽ വിജാതീയവിവാഹത്തിന് തയ്യാറായവർ വെറും 6.27% മാത്രമാണുണ്ടായിരുന്നത്. പരസ്യങ്ങളിൽ ജാതി രേഖപ്പെടുത്താത്തവരുടെ എണ്ണം വെറും 2 എണ്ണം മാത്രമായിരുന്നു.(0.56%)



## സ്വജാതീയ വിവാഹം - ഒരു പഠനം

| പുരുഷന്മാർ പ്രായവിഭാഗം | സ്വജാതീയവിവാഹം ആഗ്രഹിക്കുന്നവർ | വിജാതീയവിവാഹത്തിന് എതിരല്ലാത്തവർ | ജാതിപരസ്യ-പ്പെടുത്താത്തവർ |
|---|---|---|---|
| 18 മുതൽ 24 വരെ | 3 | 0 | 0 |
| 25 മുതൽ 30 വരെ | 102 | 6 | 2 |
| 30 വയസ്സിന് മുകളിലുള്ളവർ | 83 | 5 | 1 |
| ആകെ | 188(93.07%) | 11(5.45%) | 3(1.48%) |

പരസ്യങ്ങളിൽ പ്രത്യക്ഷപ്പെട്ട പുരുഷന്മാരിൽ 1.49% മാത്രമാണ് 18നും 24നും ഇടയിൽ പ്രായമുള്ളവരായുള്ളത്. 54.45% പുരുഷന്മാർ 25നും 30നും ഇടയിലും 44.06% പുരുഷന്മാർ 30 നു മീതെ പ്രായമുള്ളവരുമായിരുന്നു. പുരുഷന്മാരിൽ 93.07% പേരും സ്വജാതീയ വിവാഹമാണ് ആഗ്രഹിക്കുന്നത്. പുരുഷന്മാരിൽ 5.45% ജാതിക്കതീതമായി വിവാഹം കഴിക്കാൻ തയ്യാറായവരും, 1.48% ജാതി വെളിവാക്കാത്തവരുമായിരുന്നു. പരസ്യങ്ങളിൽ വന്ന 148 സ്ത്രീകളിൽ 9.54% പേരും സ്വജാതീയ വിവാഹം ആശിക്കുന്നവരാണ്.

ന്ന് വിവാഹം കാംക്ഷിക്കുന്നവരുമായിരുന്നു. 25നും 30നും ഇടയിൽ പ്രായമുള്ളവരുടെ കൂട്ടത്തിൽ (43.24%) 92.19% പേരും സ്വജാതീയ വിവാഹം ആഗ്രഹിക്കുന്നവരാണ്. 30 ന് മീതെ പ്രയമുള്ളവരിലും ഭൂരിപക്ഷം(76.67 %) സ്വജാതീയ വിവാഹത്തെ അംഗീകരിക്കുന്നു. പ്രായവ്യത്യാസവും സ്വജാതീയവിവാഹവുമായി ഒരു ബന്ധവുമില്ലെന്നും, പൊതുവെ പ്രായവ്യത്യാസമന്യേ പരസ്യം ചെയ്യുന്നവർ സ്വജാതിയ വിവാഹം ഇഷ്ടപ്പെടുന്നുവെന്നും വിശകലനങ്ങളിൽ നിന്ന് വ്യക്തമാകുന്നു.(24-ാം പേജിലെ ചാർട്ട് കാണുക)

| സ്ത്രീകൾ പ്രായ വിഭാഗം | സ്വജാതീയവിവാഹം ആഗ്രഹിക്കുന്നവർ | വിജാതീയ വിവാഹത്തിന് എതിരല്ലാത്തവർ | ജാതി പരസ്യ-പ്പെടുത്താത്തവർ |
|---|---|---|---|
| 18 മുതൽ 2 വരെ | 52 | 2 | 0 |
| 25 മുതൽ 30 വരെ | 59 | 4 | 1 |
| 30 വയസ്സിന് മുകളിലുള്ളവർ | 23 | 4 | 3 |
| ആകെ | 134(90.54%) | 10(6.76%) | 4(2.7%) |

6.76% ആണ് അന്യജാതികളിൽ നിന്ന് വിവാഹം കഴിക്കാൻ തയ്യാറായ സ്ത്രീകൾ. ജാതി പരസ്യമാക്കാത്ത സ്ത്രീകൾ 2.7% മാത്രമായിരുന്നു. ഈ പഠനത്തിൽ നിന്ന് ആൺപെൺ വ്യത്യാസം സ്വജാതീയ വിവാഹതാൽപര്യവുമായിയാതൊരു ബന്ധവുമില്ലെന്ന് വ്യക്തമാക്കുന്നു. എന്നാൽ സ്ത്രീകളിൽ 36.49% പേരും 18നും 24നും ഇടയിൽ പ്രായമുള്ളവരും, അവരിൽ 96.30% വും ജാതിയിൽ നി

350 പേരിൽ 72.29% ആളുകൾ കലാലയ വിദ്യാഭ്യാസം നേടിയവരായിരുന്നു. ഇവരിൽ 92.1% പേരും ജാതിയിൽ നിന്നുള്ള വിവാഹം ആശിക്കുന്നു. മൊത്തം പരസ്യക്കാരിൽ 27.43% ആളുകളാണ് അവരുടെ വിദ്യാഭ്യാസയോഗ്യത പരസ്യം ചെയ്യാത്തവർ. എന്നാൽ നാലു പേർ മാത്രമാണ് താഴ്ന്ന വിദ്യാഭ്യാസ വിഭാഗത്തിൽ നിന്ന് പരസ്യത്തിൽ പ്രത്യക്ഷപ്പെട്ട അംഗം. ഈ പഠനം

## സ്വജാതീയ വിവാഹം - ഒരു പഠനം

| വിദ്യാഭ്യാസം | സ്വജാതീയ വിവാഹം ആഗ്രഹിക്കുന്നവർ | വിജാതീയ വിവാഹത്തിന് എതിരല്ലാത്തവർ | ജാതി പരസ്യ-പ്പെടുത്താത്തവർ | ആകെ |
|---|---|---|---|---|
| ഉന്നത വിദ്യാ-ഭ്യാസ യോഗ്യതയുള്ളവർ | 26 | 15 | 0 | 251 |
| കുറഞ്ഞ വിദ്യാ-ഭാസ യോഗ്യ തയുള്ളവർ | 2 | 0 | 2 | 4 |
| വിദ്യാഭ്യാസ യോഗ്യത പരസ്യപ്പെ-ടുത്താത്തവർ | 88 | 7 | 0 | 95 |

സ്വജാതീയ വിവാഹവും വിദ്യാഭ്യാസ നിലവാരവും താഴെ പറയുന്ന കാര്യങ്ങളോട് ബന്ധപ്പെട്ടു നിൽക്കുന്നതായി കാണുന്നു.

താഴ്ന്ന വിദ്യാഭ്യാസ യോഗ്യതയുള്ളവർ വിവാഹപ്പരസ്യങ്ങളിൽ പ്രത്യക്ഷപ്പെടുന്നത് തുലോം കുറവാണ്. ഉയർന്ന വിദ്യാഭ്യാസ യോഗ്യതയുള്ളവർ വിവാഹപ്പരസ്യങ്ങളിലൂടെ തങ്ങളുടെ ഭാവി വരനെയോ വധുവിനെയോ അന്വേഷിക്കുന്നു എന്ന് മാത്രമല്ല ഉയർന്ന വിദ്യാഭ്യാസം സ്വജാതീയവിവാഹ താത്പര്യത്തെ ഇല്ലാതാക്കുന്നില്ല എന്നുകൂടി വ്യക്തമാക്കുന്നു. വിദ്യാസമ്പന്നർക്കിടയിലും സ്വജാതീയവിവാഹം പ്രബലമായി നിലനില്ക്കുന്നു എന്നു തെളിയുന്നു.(25-ാം പേജിലെ ചാർട്ട് കാണുക).




350 പരസ്യങ്ങളിൽ 61.71% ഉയർന്ന ഉദ്യോഗ വിഭാഗത്തിലും 2.29% താഴ്ന്ന ജോലിക്കാരും ആയിരുന്നു. 36% ആളുകൾ തങ്ങളുടെ തൊഴിൽ എന്തെന്ന് വ്യക്തമാക്കിയിരുന്നില്ല. പൊതുവെ ഉയർന്ന ഉദ്യോഗസ്ഥർ വിവാഹപ്പരസ്യങ്ങളിൽ വരുന്നുവെന്നും, അവരിൽ 89.35% സ്വജാതീയ വിവാഹം ആവശ്യപ്പെടുന്നവരുമാണ്. ഉയർന്ന ഉദ്യോഗസ്ഥരിൽ വളരെ കുറഞ്ഞ ശതമാനം മാത്രമാണ് അന്യജാതിയിൽ നിന്ന് വിവാഹം കഴിക്കാനൊ

| തൊഴിൽ | സ്വജാതീയ വിവാഹം ആഗ്രഹിക്കുന്നവർ | വിജാതീയ വിവാഹത്തിന് എതിരല്ലാത്തവർ | ജാതി പരസ്യ- പ്പെടുത്താത്തവർ | ആകെ |
|---|---|---|---|---|
| ഉയർന്ന ഉദ്യോഗസ്ഥർ താഴ്ന്ന | 193 | 18 | 4 | 216(61.71%) |
| ഉദ്യോഗസ്ഥർ ഉദ്യോഗം | 6 | 2 | 0 | 8(2.29%) |
| പരസ്യപ്പെടു- ത്താത്തവർ | 118 | 5 | 3 | 126(36%) |

രുങ്ങിയിട്ടുള്ളവർ. ഒരാളിന്റെ തൊഴിൽപരമായ ഉയർച്ചയോ, മെച്ചപ്പെട്ട ജോലിയോ അയാളിന്റെ/അവരുടെ സ്ജാതീയ വിവാഹത്തിനായുള്ള താൽപ്പര്യവുമായി ചേർന്ന് കിടക്കുന്നതു കാണാം. ഉയർന്ന വരുമാനമുള്ളവർക്കിടയിലും സ്വജാതീയ വിവാഹത്തിനുള്ള ആഗ്രഹം നിലനില്ക്കുന്നു എന്ന് പഠന നിയമങ്ങളെ അടിസ്ഥാനമാക്കി പറയാനാവും.

വിദ്യാഭ്യാസ യോഗ്യതകളോ തൊഴിൽപരമായ നേട്ടങ്ങളോ ഒരാളിന്റെ സ്വജാതീയ വിവാഹ അഭിലാഷത്തെ മാറ്റ് മറിക്കുകയില്ലെന്ന് ഇതിലൂടെ വ്യക്തമാകുന്നു. ഹൈന്ദവർക്കിടയിലെ ജാതി സമ്പ്രദായത്തിൽ ബാഹ്യതല മാറ്റങ്ങൾ ഉണ്ടായിട്ടുണ്ടെങ്കിലും മാനസികമായി ഭൂരിപക്ഷം ഇപ്പോഴും സ്വജാതീയ വിവാഹത്തിന് ആഗ്രഹിക്കുന്നവരാണെന്ന് മനസ്സിലാകുന്നു.



കേരളീയർ സാക്ഷരതയുടെ കാര്യത്തിൽ ഒന്നാം സാഥനത്താണ്. വിദ്യാഭ്യാസ പുരോഗതിയും നഗരവൽക്കരണവും സ്വജാതീയവിവാഹത്തിനോടുള്ള താല്പര്യത്തെ സാരമായി ബാധിക്കുന്നില്ല എന്ന് കാണുന്നു. ആധുനിക വൽക്കരണവും സാങ്കേതികരംഗത്തെ വളർച്ചയും വ്യവസായവൽക്കരണവും ജാതീയതയുടെ മറ്റ് പല തലങ്ങളിലും സാരമായ മാറ്റമുണ്ടാക്കിയിട്ടുണ്ട്. സ്വകുലതൊഴിൽ പാടെ കയ്യൊഴിഞ്ഞിരിക്കുന്നു. താഴ്ന്ന ജാതിക്കാർക്ക് രാഷ്ട്രീയ-ആരാധന-വിദ്യാഭ്യാസ സ്വാതന്ത്ര്യം നേടാനായിട്ടുണ്ട്. തൊട്ടുകൂടായ്മയും തീണ്ടികൂടായ്മയും പോയ് മറഞ്ഞിരിക്കുന്നു. എന്നാൽ ജാതീയതയുടെ അടിത്തറകളിലൊന്നായ സ്വജാതീയ വിവാഹം ഇപ്പോഴും കേരളത്തിൽ പ്രബലമായി നിലനിൽക്കുന്നു എന്നത് ശ്രദ്ധേയമാണ്. കൂടുതൽ സൂക്ഷ്മ പഠനങ്ങൾക്ക് വിധേയമാക്കേണ്ട കാര്യവുമാണിത്.

**(ഫാറൂഖ് കോളേജ് സമൂഹശാസ്ത്ര വകുപ്പിനു വേണ്ടി ( department of sociology) രണ്ടാം വർഷ ഡിഗ്രി (സോഷ്യോളജി) വിദ്യാർത്ഥികളായ ബിജുത. പി, സിമി രവീന്ദ്രൻ, അഫ്താബ് അഹമ്മദ്, രജിത്. എൻ. കെ; എന്നിവർ നടത്തിയ പഠനം.)**